File No.DM.A2/108/2019-DMD

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - 2018-ലെ പ്രളയക്കെടുതിയിൽ പൂർണ്ണമായും തകർന്ന വീട്ടിലെ ഗുണഭോക്താക്കളെ, കേടുപാടുപറ്റിയ വീടുകൾക്ക് അറ്റകുറ്റപ്പണിക്കായി 2,50,000/- രൂപ ധനസഹായം നൽകി വരുന്ന സ്കീമിലേക്ക് ഉൾപ്പെടുത്താൻ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ(കൈ)നം.5/2019/ഡി.എം.ഡി തീയതി, തിരുവനന്തപുരം, 25.02.2019

---

പരാമർശം: 1. സ.ഉ.(കൈ)നം.7/2018/ഡി.എം.ഡി. തീയതി 21.06.2018
2. സ.ഉ.(കൈ)നം.24/2018/ഡി.എം.ഡി. തീയതി 26.10.2018
3. സ.ഉ.(സാധാ)നം.530/2018/ഡി.എം.ഡി. തീയതി 10.10.2018
4. 30.01.2019-ൽ ബഹു: റവന്യൂ വകുപ്പ് മന്ത്രി ജില്ലാ കളക്ടർമാരുമായി നടത്തിയ വീഡിയോ കോൺഫറൻസ്

ഉത്തരവ്

2018-ലെ പ്രളയത്തിൽ വീടുകൾ പൂർണ്ണമായി തകർന്നതോ വാസയോഗ്യം അല്ലാതായതോ ആയിട്ടുള്ള ഗുണഭോക്താക്കൾക്ക് അവർ പുതുതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദനീയമായ തുകയും കൂടി ചേർത്ത് ആകെ 4,00,000/- (നാല് ലക്ഷം) രൂപ ആശ്വാസ ധനസഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ അപ്രകാരം 4,00,000 (നാല് ലക്ഷം) രൂപ ലഭിക്കാൻ അർഹതയുള്ള ചില ഗുണഭോക്താക്കൾ നാല് ലക്ഷം രൂപ നൽകിയത് കുറവ് ചെയ്ത് അറ്റകുറ്റപ്പണികൾക്കായി 2,50,000 രൂപ അനുവദിക്കുന്ന സ്കീമിലേയ്ക്ക് ഉൾപ്പെടുത്തികൊണ്ട് 2,50,000 രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നൽകി വരുന്ന നാല് ലക്ഷം രൂപയുടെ ആശ്വാസ ധനസഹായം ലഭിക്കാൻ അർഹതയുള്ളവർ, അത് കുറവ് ചെയ്ത് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന തുക മതിയാകുമെന്ന് അപേക്ഷിക്കുന്നവർക്ക്, അവർക്ക് സ്വന്തമായി ഭൂമിയുണ്ടെങ്കിലും 75%-ൽ അധികം തകർച്ച നേരിട്ട വീട് സുരക്ഷിതമായി അറ്റകുറ്റപണി ചെയ്ത് വാസയോഗ്യമാക്കാം എന്ന ഗ്രാജ്വേറ്റ് സിവിൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിനോടൊപ്പം അവർ ജില്ലാ കളക്ടർമാർക്ക് സമ്മതപത്രം നൽകുന്ന മുറയ്ക്ക്, 2,50,000 (രണ്ട് ലക്ഷത്തിയൻപതിനായിരം) രൂപ എന്ന തോതിൽ അനുവദിച്ചു നൽകാവുന്നതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
രമേശൻ.എം.കെ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

File No.DMA/108/2019-DMD

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്
ഗ്രാമവികസന വകുപ്പ്
റവന്യൂ (എ / ബി / എൽ / യു) വകുപ്പുകൾക്ക് (അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് കത്ത് നം. ബി4-15146/2018/ഡിഐഎംഎസ് തീയതി 31.03.2019**

മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്.
3. ഇ.എസ്.ഐ ആശുപത്രി, സൂപ്രണ്ടുമാർ,
4. വെബ്സൈറ്റ്.

ജിഎസ്/-